2004-2005 വർഷത്തേക്ക് 64 ബി. എഡ്. കോളേജുകൾക്ക് സംസ്ഥാന സർക്കാർ എൻ. ഒ. സി. നൽകിയിട്ടുണ്ട്.

2004-2005 വർഷത്തേക്ക് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എൻ. ഒ. സി. നൽകിയിട്ടില്ല.

(സി) ഈ വർഷം ബി. എഡ്. കോളേജുകൾ സംസ്ഥാനത്ത് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല.

(ഡി) ബി. എഡ്. കോളേജുകൾക്ക് എൻ. ഒ. സി. നൽകിയതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതിക്കാർ ഹൈക്കോടതിയിൽ ഹർജികൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ ഹൈക്കോടതി തീർപ്പ് വന്നതിനുശേഷമേ യുക്തമായ നടപടി സ്വീകരിക്കാനാവുകയുള്ളു.

പുതിയ സ്വാശ്രയ ബി. എഡ്. കോളേജുകൾക്കുള്ള എൻ. ഒ. സി.

130 [682] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ ടി. കെ. ദേവകുമാർ:
„ മത്തായി ചാക്കോ:
„ പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സ്വാശ്രയ ബി. എഡ്. കോളേജുകൾക്ക് എൻ. ഒ. സി. നൽകിയതിലെ മാനദണ്ഡം എന്താണ്;

(ബി) എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര കോളേജുകൾക്കാണ് എൻ. ഒ. സി. നൽകിയത്;

(സി) എൻ. ഒ. സി. നൽകുന്നതിന് മുൻപ് ഈ കോളേജുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ സംബന്ധിച്ച പരിശോധന നടത്തിയിരുന്നോ; ആരാണ് പരിശോധന നടത്തിയത്;

(ഡി) സൗകര്യങ്ങൾ ഇല്ല എന്ന് പരിശോധനയിൽ കണ്ടെത്തിയ കോളേജുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ടോ;

(ഇ) എൻ. ഒ. സി. നൽകിയതിനെ സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യങ്ങൾ സംബന്ധിച്ചു സമഗ്രമായ ഒരു അന്വേഷണം നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനും, യൂണിവേഴ്സിറ്റിയും

LIBRARY ARCHIVES Kerala Legislative Assembly